# പതിനാലാം കേരള നിയമസഭ
## (അഞ്ചാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3534 12.05.2017-ൽ മറുപടിയ്ക്ക്**

**കടലാക്രമണത്തിനിരയായ മത്സ്യത്തൊഴിലാളികളുടെ പുനരധിവാസം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ.റോജി എം. ജോൺ<br>ശ്രീ.പി.ടി. തോമസ്<br>ശ്രീ.എം. വിൻസെന്റ് | ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) സംസ്ഥാനത്ത് കടലാക്രമണം മൂലം ഭൂമിയും വീടും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കിയതെന്ന് വിശദമാക്കുമോ; | എ) സംസ്ഥാനത്ത് കടലാക്രമണത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി ആദ്യഘട്ടമെന്ന നിലയിൽ 248 കുടുംബങ്ങൾക്ക് സ്ഥലം വാങ്ങി വീട് നിർമ്മിക്കുന്നതിനായി 25 കോടി രൂപയുടെ പദ്ധതിയ്ക്ക് 2016-17 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പദ്ധതി പ്രകാരം യൂണിറ്റിന് 10 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഇതിനായി 2016-17 സാമ്പത്തിക വർഷം 2 കോടി രൂപ അഡീഷണൽ അതറൈസേഷൻ മുഖേന ലഭിയ്ക്കുകയും ആയത് തിരുവനന്തപുരം, തൃശ്ശൂർ, മലപ്പുറം ജില്ലകൾക്ക് അനുവദിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ ജില്ലകളിൽ പുരോഗമിച്ചു വരുന്നു. |
| ബി) ഈ പദ്ധതി പ്രകാരം എത്ര മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിച്ചിട്ടുണ്ട്; വിവരിക്കുമോ; | ബി) തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കാസർഗോഡ ജില്ലകളിൽ കടൽക്ഷോഭം മൂലം വീടും സ്ഥലവും നഷ്ടപ്പെട്ട 248 മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ആദ്യഘട്ടത്തിൽ ലഭ്യമായ 2 കോടി രൂപ തിരുവനന്തപുരം, തൃശ്ശൂർ, മലപ്പുറം ജില്ലകൾക്ക് അനുവദിച്ചു നൽകി, ജില്ലകളിൽ പദ്ധതി പ്രവർത്തനം ആരംഭിച്ചിട്ടു ണ്ട്. |

| | |
|---|---|
| സി) ഇപ്രകാരം പുനരധിവാസം നടപ്പാക്കാത്ത സ്ഥലങ്ങളിൽ, മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഇപ്പോഴും സ്കൂളുകളിലും മറ്റും താമസിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | സി) യും ഡി) യും ഉണ്ട്. ഇവരെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ ജില്ലകളിൽ ത്വരിത ഗതിയിൽ പുരോഗമിച്ചുവരുന്നു. കടലാക്രമണ ഭീഷണി നിലനിൽക്കുന്ന 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളെ സുരക്ഷിതമായ സ്ഥലങ്ങളിലേക്ക് മാറ്റി താമസിക്കുന്നതിനായിട്ടാണ് 2017-18 ലെ മത്സ്യത്തൊഴിലാളി ഭവന പദ്ധതികൾ വിഭാവനം ചെയ്തിട്ടുള്ളത്. 2017-18 സാമ്പത്തിക വർഷം മത്സ്യത്തൊഴിലാളി ഭവന പദ്ധതികൾക്കായി മാത്രം 150 കോടി രൂപ വകയിരുത്തിയിട്ടു ണ്ട്. |
| ഡി) ഇവരെ പുനരധിവസിപ്പിക്കുന്നതിന് അടിയന്തര നടപടി കൈക്കൊള്ളുമോ? | |

സെക്ഷൻ ആഫീസർ